(ബി) പാലക്കാട് ജില്ലയിൽ ഈ പദ്ധതികൊണ്ട് നെല്ലുല്പാദനം വളരെയധികം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുവാൻ വേണ്ട നടപടികളും ഉടനെ സ്വീകരിക്കുമോ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) ഇല്ല.

(ബി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഉദ്ദേശം 14,457 ടൺ നെല്ലുല്പാദിപ്പിക്കാമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ഓരോ വർഷത്തിലേയും പദ്ധതി വിഹിതമനുസരിച്ചു കഴിയുന്ന വേഗത്തിൽ ജോലികളും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

സബ് ജയിലിലെ സൈറൻ.

* 242. [38] ശ്രീ. പി. രാമണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് സബ് ജയിലിൽനിന്നും അഴിച്ചെടുത്ത സൈറൻ എവിടെയാണുള്ളതു ;

(ബി) അതു ഉപയോഗിക്കാതിരിക്കാൻ കാരണമെന്തു?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ സൂക്ഷിച്ചിരിക്കുകയാണു.

(ബി) ഇപ്പോഴുള്ള ജയിൽ ടൌവ്വറിനു ഈ സൈറനെ താങ്ങാനുള്ള ശക്തിയില്ലെന്നു കണ്ടതുകൊണ്ടു.

പണിതീർത്തിട്ടില്ലാത്ത റോഡു.

* 243. [39] ശ്രീ. എൻ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ തുടങ്ങിവച്ചിട്ടുള്ളതും എന്നാൽ പണിതീർത്തിട്ടില്ലാത്തതുമായ റോഡുകളുടെ ലിസ്റ്റു മേശപ്പുറത്തു വയ്ക്കുമോ ;

(ബി) പണിതീർത്തിട്ടുള്ളതും എന്നാൽ മെറ്റൽ ചെയ്യാത്തതുമായ റോഡുകളും ഏവ;

(സി) വാമനപുരം-കുളമച്ചൽ പൂവണത്തുംമൂട് റോഡിന്റെ പണി തുടർന്നു നടത്തുന്നുണ്ടോ ;

(ഡി) 1964-65-ൽ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുവാൻ ഭയപ്പെടുന്നുവോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) പ്രസ്തുത റോഡുകളുടെ †ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) തക്കട-പനവൂർ റോഡ് മെറ്റൽ ചെയ്തിട്ടില്ല.

(സി) ധനദൌർലഭ്യംമൂലം പണി തുടർന്നു നടത്തുവാൻ സാദ്ധ്യമല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly